# S.S.L.C EXAMINATION- 2016

# SOCIAL SCIENCE

ANSWER KEY (MALAYALAM)

TOTAL SCORE : 80

1. * സ്വകാര്യ മേഖല, പൊതുമേഖല സ്വാധീനം
   * കമ്പോളത്തിന്റെയും ആസൂത്രണക്കിന്റെയും സഹായത്തോടെ സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. (1)
2. * തുഷാരം
   * നേർത്ത മൂടൽമഞ്ഞ്
   * മേഘങ്ങൾ
   * മഞ്ഞ്
   * ആലിപ്പഴം (4)
   * മഴ (any 4 points)

3. * രാഷ്ട്രീയാവബോധത്തെ സ്വാധീനിക്കിന്നു.
   * ജനാധിപത്യ ആശയങ്ങൾ, മൂല്യങ്ങൾ ഇവ മനസ്സിലാക്കുന്നതിന്
   * പൗരന്മാരുടെ ചിന്താശീലം, വിമർശനബുദ്ധി വർദ്ധിക്കുന്നു. (3)
   * ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും പ്രവർത്തിക്കുന്നതിനും കഴിയുന്നു. (any 3 points)

4. * വിദേശമൂലധനനിക്ഷേപം വ്യാപകമായി
   * സാധനങ്ങളും സേവനങ്ങളും രാജ്യാതിർത്തികടന്ന് കച്ചവടം ചെയ്യുന്നതിന് നിയന്ത്രണം ഇല്ലാതായി.
   * സാങ്കേതികവിദ്യയുടെ വിനിമയം രാജ്യങ്ങൾക്കിടയിൽ സ്വതന്ത്ര- മായി. (3)
5. * പരിണാമസിദ്ധാന്തം - ചാൾസ് ഡാർവിൻ
   * 19- ാം നൂറ്റാണ്ടിൽ മനുഷ്യവീക്ഷണത്തെ മാറ്റിമറിച്ചു
   * ഓരോ ജീവിയും ലഘുവായ പൂർവ്വരൂപങ്ങളിൽ നിന്ന് പരിണമി- ട്ടുണ്ടായതാണ്.
   * മാറ്റത്തിന് വിധേയമാകാത്ത ഒരു ജീവിയുമില്ല. (3)
6. * ഭൂപ്രകൃതി
   * സമുദ്രസാമിപ്യം
   * ആഗോളവാതങ്ങൾ
   * സമുദ്രജലപ്രവാഹങ്ങൾ

BIO VISION VIDEO BLOG

കാലാവസ്ഥ വിഭാഗങ്ങൾ

* പടിഞ്ഞാറൻ യൂറോപ്യൻ
* വൻകര
* മെഡിറ്ററേനിയൻ (4)
* ടൈഗ
* തുന്ദ്ര ( കാലാവസ്ഥ any 2 points)

7. *1957-ൽ EMS- ന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ രൂപീകരിച്ചു.
   * ഈ ഗവൺമെന്റ് കുടിയൊഴിപ്പിക്കൽ നിരോധനിയമവും , പാട്ടകുടിയാന് ഭൂമിയിൽ സ്ഥിരാവകാശം നൽകുന്ന കാർഷിക ബന്ധബില്ലും, വിദ്യാലയനടത്തിപ്പിൽ സ്വകാര്യ മാനേജ്മെന്റിന് നിയന്ത്രണം ഏർപ്പെടുത്തികൊണ്ട് വിദ്യാഭ്യാസബില്ല് പാസ്സാക്കി. (2)
   * ഭൂമിനഷ്ടപ്പെട്ട ജന്മിമാരും, നിയമാധികാരം നഷ്ടപ്പെട്ട മാനേജറുമാരും സർക്കാരിനെതിരെ സമരം നടത്തി. ഇത് " വിമോചനസമരം" എന്നപേരിൽ നാടിന്റെ നാനാഭാഗത്തും ഉണ്ടായി.
8. * ചാന്നാർ കലാപം - 1822-1859
   * വൈക്കം സത്യാഗ്രഹം - 1924
   * ഗുരുവായൂർ സത്യാഗ്രഹം - 1931 (4)
   * പുന്നപ്രവയലാർ സമരം - 1946
9. * സാമ്രാജ്യത്വാധിനിവേശത്തിന്റെയും, കോളനീകരണത്തിന്റെയും അത്യാർത്തിയുടെ ഉദാഹരണം.
   * അടിമക്കച്ചവടത്തിന് പ്രാധാന്യം കുറഞ്ഞു
   * ആഫ്രിക്കയിലെ യൂറോപ്യൻ ശക്തികൾ അസംസ്കൃതവസ്തുക്കൾ ശേഖരിക്കാൻ മത്സരിച്ചു
   * ഇത് ആഫ്രിക്കയെ നിരവധികഷണങ്ങൾക്കി വിഭജിച്ചു (3)
   * യുദ്ധം ഒഴിവാക്കി വളരെ എളുപ്പക്കിൽ സാധിച്ചതാണ് ഈ വീതംവെയ്പ്പ് .
10. * ആസൂത്രണവും, തീരുമാനമെടുക്കലും കൂടുതൽ കാര്യക്ഷമമാകുന്നു
    * വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും, വിതരണം ചെയ്യുന്നതിലും കാര്യശേഷി നൽകുന്നു (2)
    * വിവരങ്ങളുടെ ആവർത്തനത കുറയ്ക്കുന്നു
    * പല ഉറവിടങ്ങളിൽനിന്നുള്ള വിവരങ്ങളെ സംയോജിപ്പിക്കുന്നു സങ്കീർണ്ണമായ വിശകലനത്തിലൂടെ ഭൂമിശാസ്ത്രവിവരങ്ങളെ താരതമ്യം ചെയ്ത് പുതിയ വിവരങ്ങൾ നല്കുന്നു.

    ( any 2 points)

BIO-VISION VIDEO BLOG

11. (4)

| A | B |
|---|---|
| A. ബൊക്കാച്ചിയോ | ദക്കാമറൺ |
| B. ദാന്തെ | ഡിവൈൻകോമഡി |
| C. ലിയനാർഡോ ഡാവിഞ്ചി | മൊണാലിസ |
| D. പ്രതിനവീകരണം | ഇഗ്നേഷ്യസ് ലയോള |

12. (A) <u>നീണ്ടപാർലമെന്റ്</u>

സ്കോട്ട് ലാന്റുമായുള്ള യുദ്ധം മൂലം ഇംഗ്ലണ്ടിലെ ചാൾസ് രാജാവിന് പണം കൂടുതൽ ആവശ്യമായി വന്നു. പുതിയ നികുതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി 1640 -ൽ രാജാവ് പാർലമെന്റ് വിളിച്ചുകൂട്ടി. രാജാധിപത്യത്തിനെതിരെ അനേകം നിയമങ്ങൾ നിർമ്മിച്ച ഈ പാർലമെന്റ് 1660 വരെ നീണ്ടു.

(B) <u>ബാസ്റ്റലിന്റെ പതനം</u>

രാജാധിപത്യത്തിന്റെ പ്രതീകം ആയിരുന്നു. വമ്പിച്ച ജനപിന്തുണയോടെ രൂപീകരിച്ച ദേശീയ അസംബ്ലിയെ തകർക്കാൻ ശ്രമിക്കുന്നുയെന്ന വാർത്ത ജനങ്ങളെ പ്രകോപിപ്പിക്കുകയും, അവർ 1789 July 14-ന് കോട്ട പിടിച്ചെടുത്ത് തകർത്തു. ഈ ദിനം ഫ്രാൻസിന്റെ ദേശീയ ദിനമായി ആചരിരിക്കുന്നു. ( 2)

(C) <u>ചതുർവർഷകൃഷി പദ്ധതി</u>

കൃഷിഭൂമിയുടെ ഫലപുഷ്ടി വർദ്ധിപ്പിക്കാൻ തരിശിടുന്നതിനുപകരം മുള്ളങ്കിപോലുള്ള കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിപ്പിക്കാം. ഒരു കൃഷിയിടത്തിൽ ഗോതമ്പ്, ബാർലി, മുള്ളങ്കി, കാലിത്തീറ്റ പയർ എന്നിവ വർഷംതോറും മാറിമാറി കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കും. അതോടൊപ്പം കാലികൾക്ക് വേണ്ടത്ര ഭക്ഷണവും ലഭിക്കും. ഇതാണ് ചതുർവർഷകൃഷി .

13. * വർഗ്ഗീയവംശീയകലാപങ്ങൾ
   * ഭീകരപ്രവർത്തനം (3)
   * കാലാവസ്ഥാവ്യതിയാനം
   * സുസ്ഥിരവികസനം (any 3 points)

14. * സ്വയം സഹായവും, പരസ്പരസഹായവും ചെയ്യാനുള്ള മനോഭാവം വളർത്തുക. (3)
   * ഗ്രാമീണനിക്ഷേപം വികസിപ്പിക്കുക
   * സാമൂഹ്യപുരോഗതിക്ക് പ്രാധാന്യം നൽകുക (any 3 points)

BIG VISION VIDEO BLOG

15. * 1929-ൽ ജോസഫ് സ്റ്റാലിനാണ് ആദ്യമായി പഞ്ചവൽസരപദ്ധതികൾ നടപ്പിലാക്കിയത്.

* രണ്ടാം പഞ്ചവൽസരപദ്ധതിക്കുശേഷം സ്വന്തം വിഭവങ്ങൾ ഉപയോഗിച്ച് ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സോവിയറ്റ് യൂണിയൻ ശക്കമായ വ്യവസായ സൈനികരാജ്യമായി മാറി. (3)
* സ്വകാര്യമേഖലയിലുണ്ടായിരുന്ന സംരഭങ്ങളെല്ലാം ഭരണകൂടം ഏറ്റെടുത്തു.
* 1929-ലെ ലോകസാമ്പത്തികതകർച്ച ബാധിക്കാതിരുന്ന എകരാജ്യം സോവിയറ്റ് യൂണിയൻ ആയിരുന്നു.

16. (A) * <u>ഉപദ്വീപീയപീഠഭൂമിയുടെ സവിശേഷതകൾ</u>

* വളരെ പഴക്കമേറിയ ഭൂവിഭാഗം- വിവിധയിനം ധാതുക്കളുടെ നിക്ഷേപം - നിരവധി ധാതു അധിഷ്ഠിത വ്യവസായങ്ങൾ
* ഇടതൂർന്ന വനങ്ങൾ കാണപ്പെടുന്നതിനാൽ വിലയേറിയ വനവിഭവങ്ങൾ ലഭ്യമാകുന്നു.
* ഈ മേഖലയിലെ ഉയരമേറിയ കൊടുമുടി - ആനമുടി ( പശ്ചിമഘട്ടം)
* ഏകദേശം 15 ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തൃതി- വൈവിധ്യമാർന്ന ഭൂവിഭാഗങ്ങൾ- പീഠഭൂമികൾക്ക് സമുദ്രനിരപ്പിൽനിന്നും 400 മീ. ഉയരം.

* <u>ഉപദ്വീപീയപീഠഭൂമിയുടെ ഭൂവിഭാഗങ്ങൾ</u>
  * മാൾവാ പീഠഭൂമി (6)
  * ഡക്കാൻ പീഠഭൂമി
  * ഛോട്ടാ നാഗപ്പൂർ പീഠഭൂമി
  * ആരവല്ലി പർവ്വതനിര
  * വിന്ധ്യാ നിരകൾ
  * സത്പുരാ നിരകൾ
  * പശ്ചിമഘട്ടം
  * പൂർവ്വഘട്ടം
  * കച്ച് ഉപദ്വീപ്
  * കത്തിയവാർ ഉപദ്വീപ് (any 2 points)
* <u>മണ്ണിനങ്ങൾ</u>
  * കറുത്ത പരുത്തിമണ്ണ്, ചെമ്മണ്ണ്, ചെങ്കൽ മണ്ണ്
* <u>ഉപദ്വീപീയ നദികൾ</u>
  * മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി
  * സവിശേഷതകൾ

BIO-VISION VIDEO BLOG

(B) * തോട്ടവിളകൾ- തേയില, കാപ്പി

(ഭൂമിശാസ്ത്രസവിശേഷതകൾ,സംസ്ഥാനങ്ങൾ)

| വിളകൾ | താപനില | വാർഷിക വർഷപാതം | മണ്ണിനങ്ങൾ | ഉല്പാദിപ്പിക്കുന്ന സംസ്ഥാനം |
|---|---|---|---|---|
| തേയില | 25º C- 30º C | 200 – 250 cm | ജൈമാംശം കൂടുതലുള്ളതും നീർവാർച്ചയുള്ള തുമായ മണ്ണ് | ആസ്സാം, പശ്ചിമബം ഗാൾ, തമിഴ് നാട് |
| കാപ്പി | 15º C- 25º C | 150 cm അധികം മഴ, 800-1000 മീ. ഉയരമുള്ള കുന്നിൻ ചരിവിൽ കൃഷി | നീർവാർച്ചയുള്ള വനമണ്ണ് | കർണ്ണാടകം, കേരളം, തമിഴ് നാട് |

17. (A) ചൈന ജനകീയ റിപ്പബ്ലിക്

* 1921 ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചു.
* മൗ സെ ദോങിന്റെ നേതൃത്വത്തിൽ ചൈനീസ് വിപ്ലവം നടന്നു.
* കുമിന്താങ് ഗവൺമെന്റ് ഭരണം ജനദ്രോഹപരമായിരുന്നു
* ഏകാധിപതിയായ ചിയാങ് കൈഷക്ക് വ്യവസായികളുടെയും വൻകിട ഭൂവുടമകളുടെയും താല്പര്യങ്ങൾക്ക് സംരക്ഷണം നൽകി.
* കർഷകരെയും തൊഴിലാളികളെയും ദ്രോഹിച്ചു
* ജപ്പാന്റെ മഞ്ചൂറിയ ആക്രമണം തടയാൻ ഗവൺമെന്റിന് കഴിഞ്ഞില്ല.
* മാവോ കർഷകരെ സംഘടിപ്പിച്ചുള്ള "ചുവപ്പുസേന" ഗവൺമെന്റിന് എതിരെ പോരാട്ടം തുടങ്ങി.
* ചിയാങ് കൈഷക്കിനെതിരെ ലോംഗ് മാർച്ച് സംഘടിപ്പിച്ചു (6)
* ചുവപ്പുസേന 62 നഗരങ്ങൾ പിടിച്ചെടുത്തു
* വൻകിടഭൂവുടമകളുടെ ഭൂമിപിടിച്ചെടുത്ത് ഭൂരഹിതരായ കർഷകർക്ക് വിതരണം ചെയ്തു.
* 1937- ൽ ജപ്പാന്റെ ആക്രമണം -ഭിന്നത മറന്ന് പോരാടി വിജയിച്ചു
* കുമിന്താങ്ങുകളും കമ്മ്യൂണിസ്റ്റുകാരും ആഭ്യന്തരയുദ്ധം ആരംഭിച്ചു
* അമേരിക്ക കുമിന്താങ്ങുകളെ സഹായിച്ചു- ജനകീയ സൈന്യം-ഗറില്ലയുദ്ധം
* 1949 April-3 കുമിന്താങ് ഗവൺമെന്റിന്റെ ആസ്ഥാനം- നാങ്കിങ് ജനകീയ സൈന്യം പിടിച്ചെടുത്തു.--1949 Oct-1 മൗ സെ ദോങ് ചെയർമാനും, ഷൂ എൻ ലായ്- പ്രധാനമന്ത്രി- ചൈന ജനകീയ റിപ്പബ്ലിക് നിലവിൽ വന്നു.

BIO-VISION VIDEO BLOG

(B) * സ്വതന്ത്ര ഇന്ത്യ നിരവധിപ്രശ്നങ്ങളെ നേരിടേണ്ടി വന്നു- കാശ്മീർ പ്രശ്നം-ഇന്ത്യ -പാക്ക് യുദ്ധം, ഹിന്ദു-മുസ്ലീം വർഗ്ഗീയലഹളകൾ, അഭയാർത്ഥിപ്രശ്നം, നാട്ടുരാജ്യങ്ങളുടെ സംയോജനം, ഭക്ഷ്യദൗർലഭ്യം

* ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനപുന:സംഘടന – ഭാഷാവാദം- ആന്ധ്രാസംസ്ഥാനം രക്തനാക്ഷി- പോട്ടി ശ്രീരാമലു- സംസ്ഥാനപുന:സംഘടന കമ്മീഷൻ -അഗംങ്ങൾ-ജസ്റ്റീസ് ഫസൽ അലി, സർദാർ കെ.എം പണിക്കർ, ഹൃഗയനാഥ് കുൺസ്രു- 1956 നവംബർ1 ഭാഷാ സംസ്ഥാന-നങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും രൂപീകൃതമായി- പ്രാദേശികവാദം- ഉത്തരാഞ്ചൽ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ്.

18. * വൈവിദ്ധ്യങ്ങൾ നിറഞ്ഞ ഇന്ത്യൻ സമൂഹത്തെ ചില വൈകാരികശക്തികൾ ഏകീകരിക്കുകയും, ഒരു ഏകാത്മക സമൂഹമായി നിലനിർത്തുകയും ചെയ്യുന്നു . (2)

19. * ഓരോ വ്യക്തിക്കും അന്തസുറ്റ ദീവിതം നയിക്കുന്നതിനുള്ള അനർഘവും മൗലികവും, ആരാലും അന്യാധീനപ്പെടുത്താനാകാത്തതുമായ ജന്മസിദ്ധമായ അവകാശങ്ങളാണ്. (4)
ദാർശനികർ-തോമസ് ഹോബ്‌ സ്, ജോൺ ലോക്ക്, റൂസ്സോ.

20. * സ്വന്തം ദേശംവിട്ട് മറ്റൊരു ദേശത്തേയ്ക്ക് സഞ്ചരിക്കുകയും അവിടെ താമസമുറപ്പിക്കുകയും ചെയ്യുന്നതാണ് കുടിയേറ്റം

* <u>അന്തർസംസ്ഥാനകുടിയേറ്റം</u>
രാജ്യത്തിനകത്ത് വിവിധസംസ്ഥാനങ്ങളിൽ കുടിയേറ്റം നടത്തുന്നത്.

* <u>തദ്ദേശീയകുടിയേറ്റം</u>
സംസ്ഥാനത്തിനകത്തുതന്നെ വിവിധ പ്രദേശങ്ങളിൽ മാറി താമസിക്കുന്നത്. (4)

* <u>അന്താരാഷ്ട്രകുടിയേറ്റം</u>
ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേയ്ക്ക് കുടിയേറുന്നത്.

21. * പ്രതീക്ഷിത ആയുർദൈർഘ്യം
* സാക്ഷരതയും, മൊത്തസ്കൂൾപ്രവേശനനിരക്കും (2)
* പ്രതിശീർഷവരുമാനം (any 2 points)

22. * നദികളുടെ സ്വാഭാവികനീരൊഴുക്ക് തടസപ്പെടുന്നു.
* ഊഷ്മാവ് വർദ്ധിക്കുന്നതിനാൽ സൂക്ഷ്മജീവികൾ നശിക്കുന്നു.
* ഫലപുഷ്ടമായ എക്കൽമണ്ണ് ലഭിക്കാത്തതിനാൽ ഡാമിന് താഴെ താമസിക്കുന്നവരുടെ കൃഷിയെ ബാധിക്കുന്നു. (2) (any 2 points)

BIO-VISION VIDEO BLOG

23. * പൊതുമേഖല സ്ഥാപനത്തിന്റെ ലാഭം

* സർക്കാർ നൽകുന്ന വായ്പകൾക്ക ലഭിക്കുന്ന പലിശ (3)

* രാജ്യത്തിനകത്തുനിന്നോ, വിദേശത്തുനിന്നോ സ്വീകരിക്കുന്ന വായ്പകൾ

*ഗ്രാന്റുകൾ- കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കും, സംസ്ഥാനസർക്കാർ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്കും നൽകുന്നു.

* ഫീസ്- രജിസ്ട്രേഷൻ, ട്യൂഷൻ ഫീസ് ect.

24. * വാണിജ്യവാതങ്ങൾ

ഉപോഷ്ണ ഉച്ചമർദ്ദമേഖലാപ്രദേശത്തുനിന്നും മദ്ധ്യമേഖല ന്യൂനമർദ്ദ (2) പ്രദേശങ്ങളിലേയ്ക്ക് വീശുന്ന കാറ്റുകൾ.

* പശ്ചിമവാതങ്ങൾ

ഉപോഷ്ണ ഉച്ചമർദ്ദമേഖലാപ്രദേശത്തുനിന്നും ഉപധ്രുവീയ ന്യൂനമർദ്ദ പ്രദേശങ്ങളിലേയ്ക്ക് വീശുന്ന കാറ്റുകൾ.

25. * പാരദ്വീപ്

* മാൾവാപീഠഭൂമി (4)

* ഹൈദരാബാദ്

* നർമ്മദ

Prepared By, Bindumol P.R, Govt. Girls HSS Vaikom,
Ph.No: 9496277360

K.S Deepu, HSS& VHSS Brahmamangalam
Ph.No: 944692117, 9496320945

BIO-VISION VIDEO BLOG